പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 562 — 27.07.2015 -ൽ മറുപടിക്ക്.

## എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. ഹൈബി ഈഡൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) എ.പി.എൽ. വിഭാഗക്കാർക്ക് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,883 കാർഡുടമകൾക്കാണ്. ബി.പി.എൽ വിഭാഗത്തിന് 1 രൂപ പദ്ധതിയും ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) പട്ടിക ജാതി, പട്ടിക വർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ടി പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. ഇപ്പോൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി രണ്ടു രൂപ പദ്ധതി വ്യാപിപ്പിച്ചു. ഈ പദ്ധതി കൂടുതൽ വിപുലീകരിച്ചതിനെ തുടർന്ന് കൂടുതൽ വിഭാഗങ്ങളെ രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടുത്തിയിരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പൊതു വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നുണ്ട്. ഇതിന്റെ വിതരണം നടക്കുന്നു എന്ന പരിശോധനകളും നടത്തുന്നുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,883 എ.പി.എൽ കാർഡുടമകൾക്കാണ്. |

സെക്ഷൻ ഓഫീസർ